**മഹാത്മാഗാന്ധിസർവ്വകലാശാല,കേരളം**

(സംഗ്രഹം)

അക്കാദമികം- പ്രൊഫഷണൽ കോഴ്സുകളല്ലാത്ത ബിരുദ പ്രോഗ്രാമുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവാകുന്നു.

**അക്കാദമിക്എ VIII സെക്ഷൻ**

നം.4789/എസിഎ VIII/01/2018 തീയതി; പി.ഡി.ഹിൽസ്, 13.06.2018

പരാമർശം :(1)16.04.2016 ലെ 2180/01/എസിഎ VIII/2016 നമ്പർ സർവ്വകലാശാലാ ഉത്തരവ്.
(2) 17.04.2018 ലെ 3431/എസിഎ VIII/01/2018 നമ്പർ സർവ്വകലാശാലാ ഉത്തരവ്.

## ഉത്തരവ്

13.06.2018-തിയതിയിൽ നടക്കുന്ന ഗ്രേസ് മാർക്ക് സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുള്ള അദാലത്തിന്റെ ഭാഗമായി വിദ്യാർഥികൾ സർവ്വകലാശാലയിൽ സമർപ്പിച്ച പരാതികൾ വിശകലനം ചെയ്യുന്നതിനായി 12.06.2018 ൽ വൈസ് ചാൻസിലറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം യു.ജി പ്രോഗ്രാമുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനായി താഴെപ്പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്താൻ ശുപാർശ ചെയ്തു.

1. 'പെർഫോർമൻസ് ഇയർ' നിബന്ധന ഇല്ലാതെയും സെമസ്റ്റർ നിബന്ധനയില്ലാതെയും എൻ.എസ്.എസ്., സ്പോർട്ട്സ്, എൻ.സി.സി., കൾച്ചറൽ അക്ടിവിറ്റീസ് എന്നീ വിഭാഗങ്ങളിൽ അർഹരായ വിദ്യാർത്ഥികൾക്ക് അർഹമായ ഗ്രേസ്മാർക്ക് വിദ്യാർത്ഥികൾ പരാജയപ്പെടുന്ന വിഷയങ്ങൾക്ക് ആദ്യം ജയിക്കാനാവശ്യമായ ഗ്രേസ് മാർക്ക് നൽകുകയും, അധികമായി വരുന്ന ഗ്രേസ് മാർക്ക് 6, 5, 4, 3, 2, 1 എന്നീ സെമസ്റ്ററുകളിൽ കോർകോഴ്സ്/പേപ്പറുകൾ, കോമ്പ്ലിമെൻററി കോഴ്സ്/പേപ്പറുകൾ, കോമൺ കോഴ്സ് 1, കോമൺ കോഴ്സ് 2 എന്നീ ക്രമത്തിൽ കഴിവതും തുല്യമായി വിതരണം ചെയ്യുക .

2. ഭിന്നശേഷി വിഭാഗത്തിൽ അർഹരായ വിദ്യാർത്ഥികൾക്ക് പരാജയപ്പെട്ട വിഷയങ്ങൾക്ക് സെമസ്റ്റർ നിബന്ധനയില്ലാതെ ഗ്രേസ് മാർക്ക് നല്കുകയും അധികമായി വരുന്ന ഗ്രേസ് മാർക്ക് 6, 5, 4, 3, 2, 1 എന്നീ സെമസ്റ്ററുകളിൽ കോർകോഴ്സ്/പേപ്പറുകൾ, കോംപ്ലിമെൻററി കോഴ്സ്/പേപ്പറുകൾ, കോമൺ കോഴ്സ് 1, കോമൺ കോഴ്സ് 2 എന്നീ ക്രമത്തിൽ കഴിവതും തുല്യമായി വിതരണം ചെയ്യുക .

3. ഈ വ്യവസ്ഥകൾ യു.ജി. പ്രോഗ്രാമുകളുടെ (നോൺ പ്രൊഫഷണൽ) 2015 അഡ്മിഷൻ മുതൽ ബാധകമാക്കുക..

4. മുൻ സർവ്വകലാശാല ഉത്തരവുകൾ പ്രകാരം 2015 അഡ്മിഷൻ മുതൽ യു.ജി. പ്രോഗ്രാമുകളുടെ (നോൺ പ്രൊഫഷണൽ) കോഴ്സുകൾക്ക് നിലവിൽ നൽകിയിട്ടുള്ള ഗ്രേസ് മാർക്കുകളും മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം വിദ്യാർത്ഥികളുടെ അപേക്ഷ പ്രകാരം പുനർ നിർണ്ണയം ചെയ്യുക .

5. ഗ്രേസ് മാർക്ക് വിതരണത്തിനു ശേഷവും വിജയിക്കാത്ത വിഷയങ്ങൾക്ക് കോഴ്സ് പൂർത്തിയായ ശേഷമുള്ള രണ്ട് സപ്ലിമെൻററി പരീക്ഷകളിലേക്കുകൂടി ഗ്രേസ് മാർക്ക് ആനുകൂല്യം നൽകുക .

6. 16.04.2016-ലെ 2180/01/എ.സി.എVIII/2016 നമ്പർ സർവകലാശാല ഉത്തരവിലെ മറ്റു വ്യവസ്ഥകൾ നിലനിർത്തുക.

1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം ബഹു വൈസ് ചാൻസിലർ മേൽപറഞ്ഞ ശുപാർശകൾ അംഗീകരിച്ചു..

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു..

പരാമർശം (1) ,(2) ഉത്തരവുകൾ ഇതിനാൽ ഭേദഗതി ചെയ്യുന്നു.

(ഒപ്പ്)
രമേഷ് നാരായൺ
അസിസ്റ്റന്റ് രജിസ്ട്രാർ ( അക്കാദമിക്)II
രജിസ്ട്രാർക്ക്വേണ്ടി

പകർപ്പ്,

(1) വൈസ് ചാൻസിലറുടെ /പ്രോ വൈസ് ചാൻസിലറുടെ പി എസ്
(2) രജിസ്ട്രാറുടെ /പരീക്ഷാ കൺട്രോളറുടെ പി എ
(3) എ .ആർ /ഡി .ആർ /ജെ.ആർ (അക്കാദമിക്/പരീക്ഷ)
(4) എസിസി.
(5) ടാബുലേഷൻ സെക്ഷനുകൾ
(6) എൻ .എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ
(7) SPESS/DSS
(10) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (അപ് ലോഡ് ചെയ്യുന്നതിനായി )
(11) CETEX /സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
(12) പി.ആർ .ഒ /എൻക്വയറി
(13) കരുതൽ ഫയൽ /ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസിഎ VIII/01/(ഇഎ II/253/2018)